# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**Roc 2302/26/എസ്**

ദേവസ്വം കമ്മീഷണർ ആഫീസ്

തിരുവനന്തപുരം, **09/07/2026**

## സർക്കുലർ

വിഷയം:- ജീവനക്കാർ ദേവസ്വങ്ങളിൽ കാണിക്ക എണ്ണുന്നതിൽ പങ്കെടുക്കുന്നത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ദേവസ്വങ്ങളിൽ കാണിക്ക എണ്ണി തിട്ടപ്പെടുത്തുന്നതിന് ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നത് സംബന്ധിച്ച് മുൻകാലങ്ങളിൽ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, കാണിക്ക എണ്ണുന്നതിൽ കാരാൺമ ഉൾപ്പെടെ ഉള്ള ജീവനക്കാർ ചില അവസരങ്ങളിൽ നിസ്സഹരണം പ്രകടിപ്പിക്കുന്നതായി വിവരിച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ളതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗമായ കാണിക്ക, എണ്ണി തിട്ടപ്പെടുത്തുന്നതിൽ നിന്നും ബോർഡിന്റെ ശമ്പള ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ജീവനക്കാർ വിട്ടുനില്ക്കുന്നത് ശരിയായ നടപടി ആയി കാണുന്നില്ല. കാരാണ്മ ജീവനക്കാരും ദേവസ്വം ബോർഡിലെ ഇതര ജീവനക്കാരെ പോലെ മേൽഉദ്യോഗസ്ഥരുടെയും ആഫീസിലെയും ഉത്തരവുകൾ പാലിക്കേണ്ടതാണ്.

ആകയാൽ കണിക്ക എണ്ണി തിട്ടപ്പെടുത്തുന്നതിന് കാരാൺമ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും സഹകരിക്കണമെന്നും, ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന ജീവനക്കാർ ആയതിൽ പങ്കെടുക്കണമെന്നും, ഏതെങ്കിലും കാരണത്താൽ പങ്കെടുക്കാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണെന്നും കർശ്ശന നിർദ്ദേശം നല്കി ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ് :

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വംബോർഡ്
2. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. സെക്ഷൻ ഫയൽ
5. ഐ റ്റി ഡിവിഷൻ